പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 174 **26-10-2026-ൽ മറുപടിയ്ക്ക്**

ജി.എസ്.ടി. വകുപ്പിന്റെ പുനഃസംഘടന

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സജീവ് ജോസഫ്

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. പഴകുളം മധു

ശ്രീ. റോണി. കെ. ബേബി

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

(എ) രാജ്യത്ത് ജി.എസ്.ടി നടപ്പാക്കിയതിന്റെ പത്താം വാർഷികം ആഘോഷിക്കാനിരിക്കെ, സംസ്ഥാന ജി.എസ്.ടി വകുപ്പിൽ സമഗ്ര മാറ്റം വരുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; നികുതി ചോർച്ച കണ്ടുപിടിക്കാൻ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ;

മറുപടി: സംസ്ഥാന ജി.എസ്.ടി വകുപ്പിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തുന്നതിനും നികുതി ചോർച്ച തടയാൻ ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനുമായുള്ള പദ്ധതികൾ 2026 ജൂൺ 19 ന് അവതരിപ്പിച്ച ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സാങ്കേതികവിദ്യയും AI അധിഷ്ഠിത ഡാറ്റ അനലിറ്റിക്സും പ്രയോജനപ്പെടുത്തി നിരീക്ഷണവും റിട്ടേൺ സ്ക്രൂട്ടിനിയും കൂടുതൽ കാര്യക്ഷമമാക്കും, ജി.എസ്.ടി.-ക്ക് മുമ്പുള്ള നിയമങ്ങളിലെ കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തും, സർവീസ് മേഖലക്ക് പ്രാമുഖ്യം നൽകി സെക്ടർ അധിഷ്ഠിത ഓഡിറ്റ് സംവിധാനം നടപ്പിലാക്കും, തീർപ്പാക്കുവാനുള്ള അപ്പീലുകൾ വേഗത്തിൽ തീർപ്പാക്കും, നികുതി സാധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്താത്ത മേഖലകൾ കണ്ടെത്തി ഇന്റലിജൻസ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതോടൊപ്പം മറ്റ് ധനകാര്യ നിയന്ത്രണ ഏജൻസികളുമായുള്ള ഡാറ്റാ ഷെയറിംഗ് വർദ്ധിപ്പിക്കും, വകുപ്പിന്റെ ആവശ്യങ്ങൾക്കനുസരിച്ചുള്ള ആധുനിക ഐ.ടി. ഇൻഫ്രാസ്ട്രക്ചർ, AI ടൂളുകൾ എന്നിവ ഉപയോഗിച്ചുള്ള Data Driven Decision Support System നടപ്പിലാക്കും എന്നിവയാണ് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിനായി 30 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

കൂടാതെ, സംസ്ഥാന ജി.എസ്.ടി വകുപ്പിന്റെ നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പ്രവർത്തനങ്ങളിൽ സമഗ്രമായ പരിഷ്കരണങ്ങൾ നടപ്പിലാക്കുന്നതിനുമായി വകുപ്പിന്റെ രണ്ടാംഘട്ട പുനഃസംഘടനാ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 29.09.2026-ലെ സർക്കാർ ഉത്തരവ് നം.758/2026/നികുതി പ്രകാരം ഒരു ഉന്നതതല സമിതി രൂപീകരിക്കുകയും സമിതിയുടെ ആദ്യ യോഗം 15/10/2026-ൽ ചേരുകയും ചെയ്തിട്ടുണ്ട്. നികുതി ചോർച്ച കണ്ടെത്തുന്നതിനും തടയുന്നതിനുമായി ആധുനിക സാങ്കേതിക വിദ്യകളുടെ പ്രയോജനം പരമാവധി

വിനിയോഗിച്ചുകൊണ്ടുള്ള പദ്ധതികൾ വകുപ്പ് പുനഃസംഘടനയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. നിലവിൽ, വകുപ്പിലെ ഡാറ്റാ അനലിറ്റിക്സ് വിഭാഗം കേരള ഡിജിറ്റൽ സർവകലാശാലയുമായി ചേർന്ന് സമ്പൂർണ്ണ വിശകലന സംവിധാനം വഴി ഡാറ്റ അധിഷ്ഠിത വിവരങ്ങൾ ലഭ്യമാക്കുന്നു. കൂടാതെ, GST Common Portal-ന് പുറമെ, BIFA (Business Intelligence and Fraud Analytics), E-Way Bill Analytics Portal, GST Prime എന്നീ അത്യാധുനിക സോഫ്റ്റ്വെയർ സംവിധാനങ്ങളും നികുതി ചോർച്ച കണ്ടെത്താനായി വകുപ്പിൽ ഉപയോഗിച്ചുവരുന്നുണ്ട്. കൂടാതെ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), മെഷീൻ ലേണിംഗ് (ML), ഡാറ്റാ അനലിറ്റിക്സ് എന്നിവയുടെ സഹായത്തോടെ നികുതി നിർണ്ണയവും നികുതി ചോർച്ച കണ്ടെത്തലും കൂടുതൽ കാര്യക്ഷമമാക്കാൻ പുതിയ സംവിധാനം വകുപ്പ് വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് മൂന്ന് വിഭാഗങ്ങളായി ജി.എസ്.ടി വകുപ്പിനെ വിഭജിച്ചിരുന്നെങ്കിലും നികുതി പിരിവ് ഊർജിതമായിട്ടില്ലെന്നും ഉദ്യോഗസ്ഥ വിന്യാസത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടെന്നും വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

<u>മറുപടി:</u> സംസ്ഥാന ജി.എസ്.ടി വകുപ്പിന്റെ നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പ്രവർത്തനങ്ങളിൽ സമഗ്രമായ പരിഷ്കരണങ്ങൾ നടപ്പിലാക്കുന്നതിനുമായി വകുപ്പിന്റെ രണ്ടാംഘട്ട പുനഃസംഘടനാനടപടികൾ ആരംഭിച്ചിട്ടുണ്ട്. 11.01.2023 മുതൽ സംസ്ഥാന ജി.എസ്.ടി വകുപ്പിനെ ഓഡിറ്റ് (Audit), ഇന്റലിജൻസ് (Intelligence), ടാക്സ് പേയർ സർവീസ് (Taxpayer Services) എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി പുനഃസംഘടിപ്പിച്ചിരുന്നു. ഈ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥ വിന്യാസത്തിലുണ്ടായ ഏറ്റക്കുറച്ചിലുകൾ നികുതി പിരിവിന്റെ കാര്യക്ഷമതയെ ഏതെങ്കിലും വിധത്തിൽ ബാധിച്ചിട്ടുണ്ടോ എന്ന് വിശദമായി പരിശോധിച്ചു വരികയാണ്. ഈ പരിശോധനയിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്. കൂടാതെ, 57-മത് ജി.എസ്.ടി കൗൺസിൽ യോഗം പ്രധാനമായും നിയമത്തിലെ നടപടിക്രമ പരിഷ്കരണങ്ങൾ (Process Reforms) ആണ് ചർച്ച ചെയ്തതും പുതിയ മാറ്റങ്ങൾ നിർദ്ദേശിച്ചിട്ടുള്ളതും. ഇത് പ്രകാരം രജിസ്ട്രേഷൻ, റിട്ടേൺ ഫയലിംഗ്, റീഫണ്ട്, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ എന്നിവയിലെ നടപടിക്രമങ്ങളിൽ വിവിധങ്ങളായ മാറ്റങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത മാറ്റങ്ങൾ നിയമത്തിലും ചട്ടങ്ങളിലും വരുത്തുന്നതനുസരിച്ച് വകുപ്പിലെ വിവിധ വിഭാഗങ്ങളിലും (വെർട്ടിക്കലുകളിലും) ജീവനക്കാരുടെ വിന്യാസത്തിലും ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ അത് കൂടി പരിഗണിച്ചായിരിക്കും അടുത്ത ഘട്ട പുനഃസംഘടന നടപ്പിലാക്കുന്നത്.

(സി) കൂടുതൽ ഫയലുകൾ കൈകാര്യം ചെയ്യേണ്ട ഓഫീസുകളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതും ജോലി കുറവുള്ള ഇടങ്ങളിൽ അധികം ജീവനക്കാർ ജോലി ചെയ്യുന്നതും പുനഃസംഘടനയിൽ പരിഷ്കരിക്കുമോ; വിശദമാക്കുമോ?

<u>മറുപടി:</u> ജോലിഭാരത്തിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ വിശകലനം നടത്തി വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തുന്നതാണ്.

സെക്ഷൻ ഓഫീസർ